**വളരെ അടിയന്തിരം**

നം.ഇഎക്സ്/എഫ്1/22570/2020/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി. 05/10/2020
mail id : supdtf.cge@kerala.gov.in

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം- പരീക്ഷാഭവൻ-2020-21 വർഷത്തെ പൊതു പരീക്ഷകൾക്കുള്ള ഉത്തരക്കടലാസുകൾ, സി.വി.കവറുകൾ എന്നിവയുടെ എണ്ണം കണകാക്കി ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/09/2020 ലെ ഫയൽ നമ്പർ എഫ്1/22570/2020/സിജിഇ നോട്ട് ഉത്തരവ്

1). 2020-21 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മുൻവർഷം വരെ ഉപയോഗിച്ച ഉത്തരക്കടലാസുകൾ ഉപയോഗിക്കാവുന്നതാണ്, ഓരോ പരീക്ഷാ കേന്ദ്രത്തിലും ഇപ്പോൾ നീക്കിയിരിപ്പുള്ള പേപ്പറിന്റ് എണ്ണം കുറവ് ചെയ്തതിനുശേഷം മാത്രമേ ആവശ്യമായ ഉത്തരക്കടലാസുകളുടെ വിവരം നൽകുവാൻ പാടുള്ളൂ. ഇതിലേക്കായി ഓരോ പരീക്ഷാകേന്ദ്രത്തിലേക്കും ആവശ്യമുള്ള മെയിൻ, അഡീഷണൽ ഉത്തരക്കടലാസുകളുടെയും സി.വി.കവറുകളുടെയും എണ്ണം സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഹൈസ്കൂൾ, പ്രധാനാദ്ധ്യാപകർ **iExaMS** ൽ നൽകേണ്ടതാണ്. **HM**-ലോഗിനിൽ പ്രവേശിച്ച് **Answerpaper management** എന്ന **menu** സെലക്ട് ചെയ്ത് വിവരങ്ങൾ രേഖപ്പെടു ത്തുക. വിവരങ്ങൾ സേവ് ചെയ്തതിനുശേഷം **report** ന്റെ **print** എടുക്കാവുന്നതാണ്. ഇതിന്റെ പകർപ്പ് പരീക്ഷാ ഭവനിലേക്ക് അയയ്ക്കേണ്ടതില്ല. ഇത്തരത്തിൽ കൃത്യമായ വിവരങ്ങൾ 2020 ഒക്ടോബർ 27-ാം തീയതിക്ക് മുമ്പായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

II) പ്രധാനാദ്ധ്യാപകൻ 2020-21 വർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ എണ്ണവും ഉത്തരക്കടാസുകളുടെയും, സി.വി കവറുകളുടെയും നീക്കിയിരിപ്പും(ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ നിന്നും ലഭ്യമാകുന്ന എസ്.എസ്.എൽ.സിയ്ക്ക് ഉപയോഗിക്കുന്ന തരത്തിലുള്ള നീക്കിയിരിപ്പും ഉൾപ്പെടെ) മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. ആവശ്യമുള്ള ഉത്തരക്കടലാസുകളുടെയും സി.വികവറുകളുടെയും എണ്ണം സ്ക്രീനിൽ കാണാവുന്നതാണ്. ഇത് ശരിയാണോ എന്ന് താഴെക്കൊടുത്തിട്ടുള്ള രീതിയിൽ കണകാക്കി ബോദ്ധ്യപ്പെടേണ്ടതാണ്.

| | |
|---|---|
| മെയിൻ ഉത്തരക്കടലാസുകൾ | - ആകെ കുട്ടികളുടെ എണ്ണം X 9 |
| അഡീഷണൽ ഉത്തരക്കടലാസുകൾ | - ആകെ കുട്ടികളുടെ എണ്ണം X 9 X 7 |
| സി.വി.കവർ | - ആകെ കുട്ടികളുടെ എണ്ണം X 9 + 16 |

**2020 ഒക്ടോബർ 15 മുതൽ 27 വരെ iExaMS ൽ വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.**

III) എസ്.എസ്.എൽ.സി കൂടാതെ പരിക്ഷാഭവൻ നടത്തുന്ന മറ്റ് പരീക്ഷകളുടെ സെന്ററുകളിലെ പ്രധാനാദ്ധ്യാപകർ അത്തരം പരിക്ഷകൾക്ക് ആവശ്യമായ പേപ്പറുകളുടെ എണ്ണം കൂടെ ഇതോടൊപ്പം ചേർത്ത് നൽകേണ്ടതാണ്. ഈ പരീക്ഷകൾക്കുവേണ്ടി പ്രത്യേകം പേപ്പർ വിതരണം ഉണ്ടായിരിക്കുന്നതല്ല.

IV) പരീക്ഷാ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വീഴ്ചയും ഉണ്ടാകാൻ പാടുള്ളതല്ല അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാത്ത പരീക്ഷാ കേന്ദ്രങ്ങൾക്ക് യാതൊരു കാരണവശാലും പരീക്ഷാഭവനിൽ നിന്നും ഉത്തരക്കടലാസുകൾ വിതരണം ചെയ്യുന്നതല്ല. ഇത്തരം സ്കൂളിലെ പ്രധാനാദ്ധ്യാപകർ അവർക്ക് ആവശ്യമായ ഉത്തരക്കടലാസുകളും, സി.വി.കവറുകളും 2020 - 2021 -ലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മുൻപ് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഏറ്റെടുക്കേണ്ടതും ആയതിന്റെ ചെലവ് സ്വയം വഹിക്കേണ്ടതുമാണ്.

V) ഏതെങ്കിലും പരീക്ഷാ കേന്ദ്രങ്ങളിൽ ഉത്തരക്കടലാസുകളോ, സി.വി.കവറുകളോ ആവശ്യമില്ലെങ്കിൽ ആ കോളത്തിൽ നിർബന്ധമായും '0' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

VI) 2020 നവംബർ ആദ്യ വാരം മുതൽ ഉത്തരക്കടലാസുകളും, സി.വി.കവറുകളും പരീക്ഷാ കേന്ദ്രങ്ങളിൽ നേരിട്ട് എത്തിക്കുന്നതാണ്. ഇങ്ങനെ ലഭിക്കുന്നവ പ്രത്യേകം അലമാരകളിൽ സൂക്ഷിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഉത്തരക്കടലാസുകളും, സി.വി.കവറുകളും മറ്റ് ആവശ്യങ്ങൾക്കായി യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിവരം പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

VII) പ്രധാനാദ്ധ്യാപകർ ഉത്തരക്കടലാസുകൾ കൈപ്പറ്റിയ ഉടൻതന്നെ iExaMS ൽ അവയുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരിക്കുകയാണ്. ഓരോ പരീക്ഷാ ദിവസവും ഉപയോഗിക്കുന്ന ഉത്തര കടലാസുകളുടെ വിവരവും ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. വീഴ്ച വരുത്തിയാൽ ആ വിവരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

VIII) ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് iExaM ൽ login ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്തരക്കടലാസുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രധാനാ ദ്ധ്യാപകർക്ക് 2020 ഒക്ടോബർ 27-ാം തീയതി വൈകിട്ട് 5 മണിക്ക് മുൻപായി പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതാണ്. വീഴ്ച വരുത്തുന്ന സ്കൂളുകളുടെ പേരു വിവരം ഇനിയൊരറിയിപ്പുകൂടാതെ തന്നെ അനന്തര നടപടികൾക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ നീക്കിയിരിപ്പുള്ള ഉത്തരക്കടലാസുകളുടെയും ,സി.വി കവറുകളുടെയും വിവരവും പ്രസ്തുത DEO login വഴി രേഖപ്പെടുത്തേണ്ടതാണ്.

IX) നവംബർ ആദ്യവാരം മുതൽ തന്നെ ഉത്തരക്കടലാസുകളുടെ വിതരണം ആരംഭി ക്കേണ്ടതിനാൽ ഉത്തരക്കടലാസുകളുടെ എണ്ണം iExaM ൽ രേഖപ്പെടുത്തുന്നതിനുള്ള സമയപരിധി ഒരു കാരണവശാലും ദീർഘിപ്പിക്കുന്നതല്ല. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ജോയിന്റ് കമ്മീഷണർ

1. എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. സിസ്റ്റം മാനേജർ- (വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി).
4. കരുതൽ ഫയൽ